കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇംഗ്ലീഷ് (Cat No.287/2019) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള ഒറ്റത്തവണ പ്രമാണ പരിശോധന,16.03.2022 മുതൽ 26.03.2022 വരെയുള്ള ദിവസങ്ങളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.തിരുവനന്തപുരം ജില്ലയിൽ താമസിക്കുന്ന ഉദ്യോഗാർത്ഥികൾ 18.03.22, 19.03.22, 21.03.22, 22.03.22, 23.03.22, 24.03.22, 26.03.22 എന്നീ തീയതികളിൽ, പ്രൊഫൈലിൽ പറയുന്ന നിശ്ചിത തീയതിയിൽ രാവിലെ 10.30 ന് കേരള പബ്ലിക് സർവീസ് കമ്മിഷൻ ആസ്ഥാന ഓഫീസിലും**, മറ്റു ജില്ലയിൽ** താമസിക്കുന്ന ഉദ്യോഗാർത്ഥികൾ 16.03.2022 ആം തീയതി മുതൽ 26.03.2022 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ **ഏതെങ്കിലും ഒരു ദിവസം** അതാത് ജില്ല /റീജിയണൽ ഓഫീസിലും ഹാജരായി വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.ഉദ്യോഗാർത്ഥികൾ കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതും ഗ്ലൗസ്, മാസ്ക് എന്നിവ ധരിക്കേണ്ടതുമാണ്. ഉദ്യോഗാർഥികൾക്ക് ഇത് സംബന്ധിച്ചുള്ള അറിയിപ്പ് പ്രൊഫൈൽ /എസ് .എം.എസ് മുഖേന നല്കിയിട്ടുണ്ട്. അറിയിപ്പ് ലഭിക്കാത്തപക്ഷം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ആസ്ഥാന ഓഫീസിലെ GRIIB വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്. (Phone No.0471 2546324)